(സി) ഏജന്റുമാരുടെ പ്രതിഫലം കുടിശ്ശിക തീർത്ത് എന്നേക്ക് നൽകാനാകും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി മുതലാണ് കുടിശ്ശിക തുക നൽകാനുള്ളത്.

(സി) 2014 ആഗസ്റ്റ് 15-നകം ഏജന്റുമാരുടെ പ്രതിഫലം കുടിശ്ശിക തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ തസ്തികകൾ നികത്തുന്നത് സംബന്ധിച്ച്

151 (6602) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യപദ്ധതി വകുപ്പിൽ ഡി.പി.സി. കൂടാത്തത് കാരണം പല ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡിപിസി എത്രയും വേഗം കൂടി ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വ്യാപാരികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മൂല്യവർദ്ധിത നികുതിയുടെ വർദ്ധനവ്

152 (6603) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോവർഷവും വ്യാപാരികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനക്കനുസരിച്ച് മൂല്യവർദ്ധിത നികുതി വർദ്ധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) 2011-12, 2012-13 വർഷത്തിൽ ഉണ്ടായ വ്യാപാരികളുടെ വർദ്ധനവ് എത്രയെന്നും നികുതി പിരിവ് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് മൂല്യവർദ്ധിത നികുതിയുടെ വർദ്ധനവ് വ്യാപാരികളുടെ എണ്ണം എന്ന ഘടകത്തെ മാത്രം ആശ്രയിച്ച് അളക്കാവുന്നതല്ല. പൊതുവേയുള്ള നികുതി ബാധകമായ ക്രയവിക്രയത്തിന്റെ തോത്, ഉപഭോഗം എന്നിവയാണ് പ്രധാന മാനദണ്ഡങ്ങൾ.

സ്വർണ്ണ വ്യാപാരികൾ, കരാറുകാർ, അന്തർ സംസ്ഥാന ക്രയവിക്രയം നടത്തുന്നവർ എന്നിങ്ങനെയുള്ളവർ ഒഴികെ, സാധാരണയുള്ള കച്ചവടക്കാർക്ക് വാർഷിക വിറ്റുവരവ് പത്ത് ലക്ഷം കഴിഞ്ഞാൽ മാത്രമേ രജിസ്ട്രേഷൻ ബാദ്ധ്യതയും നികുതി ബാദ്ധ്യതയും ഉള്ളൂ.

(സി) 2011-12, 2012-13 വർഷങ്ങളിലെ വ്യാപാരികളുടെ വർദ്ധനവും നികുതി പിരിവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു :

വർഷം	വ്യാപാരികളുടെ വർദ്ധനവ് (ശതമാനത്തിൽ)	നികുതി പിരിവിന്റെ വർദ്ധനവ് (ശതമാനത്തിൽ)
2011-12	7	21
2012-13	7	20

നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

153 (6604) ശ്രീ. എളമരം കരീം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. നാരായണൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാനം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ എതെങ്കിലും സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിർദ്ദേശങ്ങളിൽ സർക്കാർ ഏതെല്ലാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നും ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലായെന്നും വിശദമാക്കുമോ ;

(ഡി) അധിക നികുതി ഏർപ്പെടുത്തിയതിലൂടെ ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പിരിച്ചെടുത്ത തുകയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly